"ഭരണഭാഷ-മാതൃഭാഷ"

DWCD/7407/2024-NCPO2


വനിത ശിശുവികസന വകുപ്പ്,
സ്റ്റേറ്റ് നിർഭയസെൽ ,
പൂജപ്പുര,തിരുവനന്തപുരം-695012

തീയതി : 11-02-2025

E-Mail:nirbhayacell@gmail.com
Phone No.0471–2331059


വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

ഡയറക്ടർ
പബ്ലിക്& ഇൻഫർമേഷൻ വകുപ്പ്

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ്- സ്റ്റേറ്റ് നിർഭയ സെൽ - വയനാട് - എൻടി ഹോം ആരംഭിക്കുന്നത് - താത്പര്യപത്രം ക്ഷണിക്കുന്നത് - സംബന്ധിച്ച് :-

സൂചന:- 1. പ്രിൻസിപ്പൽ സെക്രട്ടറിയുടെ 21.3.2024 ലെ വ ശി വി വ -ബി 3/89/2024/വ ശി വി വ നമ്പർ കത്ത് .

വനിതശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയസെല്ലിന് കീഴിൽ അതിജീവിതരായ പെൺകുട്ടികൾക്കായി വയനാട് ജില്ലയിൽ എൻടി ഹോം ആരംഭിക്കുന്നതിലേക്കായി താത്പര്യമുള്ള സന്നദ്ധസംഘടനകളിൽ നിന്നും താത്പര്യപത്രം സ്വീകരിക്കുന്നതിലേക്കായി പത്ര മാധ്യമങ്ങൾ വഴി പരസ്യം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പത്രപരസ്യം മലയാളം, ഇംഗ്ലീഷ് പത്രങ്ങളിൽ പരസ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പത്ര പരസ്യത്തിനാവശ്യമായ വിവരങ്ങൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു

വിശ്വസ്തതയോടെ,

for DIRECTOR
വനിതാശിശുവികസന വകുപ്പ്

OFFICE OF THE NIRBHAYA CELL DEPT OF WOMEN AND CHILD DEVELOPMENT • THIRUVANANTHAPURAM •

DEPARTMENT OF WOMEN AND CHILD DEVELOPMENT

INVITING EXPRESSION OF INTEREST

As part of the implementation of the Nirbhaya policy, the Government of Kerala has set up various homes under Nirbhaya State Cell, Women and Child Development Department. There are 22 homes across 14 districts being managed by Non Governmental Organizations.

Women and Child Development Department is inviting Expression of Interest from interested and registered NGOs in Kerala who have experience in the field of rehabilitation and reintegration of women and children, especially survivors to the main stream, to run Entry home in Wayanad District for the survivors of sexual harassment. under Department of Women and Women and Child Development. NGOs with own building for housing the children as specified in the Juvenile Justice (Care and Protection of Children) Act 2015 will be given preference. Application, copies of registration certificate, audited statements and documents and activity report of previous two years. plan of the building (if own space available) should be submitted as proposal. Last date of receipt of EOI will be ..1/3/25...

NGOs which are eligible to apply for accreditation with the Department of Women and Child Development which is the nodal agency for the Kerala State Government for implementation of various social legislation and welfare schemes only, may apply for the Entry Home, Wayanad. Accreditation guidelines are available in the official website of Department of Women and Child Development (www.wcdkerala.gov.in) under the "NGO Policy".

Proposals should be addressed to The State Co-Ordinator, Nirbhaya State Cell, Women and Child Development Department, Poojappura, Thiruvananthapuram – 695 012.

Contact No. 0471 – 2331059

email : nirbhayacell@gmail.com

For further details please contact :

The State Co-Ordinator, Nirbhaya State Cell, Women and Child Development Department, Poojappura, Thiruvananthapuram – 695 012

Contact No. 0471 – 2331059 email : nirbhayacell@gmail.com

for DIRECTOR

# പത്രക്കുറിപ്പ്

സംസ്ഥാന വനിതശിശുവികസന വകുപ്പ് സ്റ്റേറ്റ് നിർഭയസെല്ലിന് കീഴിൽ അതിജീവിതരായ പെൺകുട്ടികൾക്കായി വയനാട് ജില്ലയിൽ എൻട്രി ഹോം പ്രവർത്തിപ്പിക്കുവാൻ താത്പര്യമുള്ളതും സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസ മേഖലയിലും അവരെ മുഖ്യധാരയിലേക്ക് ഉൾച്ചേർക്കുന്ന പ്രക്രിയയിലും (പ്രത്യേകിച്ച് അതിജീവിതരെ) പരിചയസമ്പന്നരായ സന്നദ്ധസംഘടനകളിൽ നിന്നും താത്പര്യപത്രം ക്ഷണിക്കുന്നു. 2015 ലെ ബാലനീതി നിയമവും ചട്ടങ്ങളും അനുസരിച്ചുള്ള ഭൗതിക സാഹചര്യങ്ങളും പ്രവർത്തനവും നിർബന്ധമാണ്. കുട്ടികളെ പാർപ്പിക്കുന്നതിനായി ജെ.ജെ. നിയമത്തിൽ നിഷ്കർഷിച്ചിരിക്കുന്ന വിധത്തിലുള്ള കെട്ടിടം സ്വന്തമായുള്ള സംഘടനകൾക്ക് മുൻഗണന നൽകുന്നതാണ്. അപേക്ഷാഫോറം, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ഓഡിറ്റ് റിപ്പോർട്ട്, 2 വർഷത്തെ പ്രവർത്തന റിപ്പോർട്ട്, കെട്ടിടത്തിന്റെ പ്ലാൻ (ലഭ്യമാണെങ്കിൽ മാത്രം) തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പ്രൊപ്പോസൽ ...1/3/25... ന് 5 മണിക്ക് മുമ്പായി സ്റ്റേറ്റ് കോ-ഓർഡിനേറ്റർ, സ്റ്റേറ്റ് നിർഭയസെൽ, വനിതശിശുവികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം, പൂജപ്പുര, തിരുവനന്തപുരം – 695 012 എന്ന മേൽവിലാസത്തിൽ അയച്ചുതരേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക:

Phone : 0471 – 2331059, email : nirbhayacell@gmail.com

For DIRECTOR